പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2869 — 18.08.2017 -ൽ മറുപടിക്ക്

## ചാത്തന്നൂർ താലൂക്ക് രൂപീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ചാത്തന്നൂർ താലൂക്ക് രൂപീകരിക്കുന്നത് സംബന്ധിച്ച് ജനപ്രതിനിധി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) നിവേദനത്തിലെ ആവശ്യം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) താലൂക്ക് രൂപീകരണം സർക്കാരിന്റെ നയപരമായ തീരുമാനമാണ്. നിലവിലുള്ള താലൂക്കുകളുടെ വിസ്തീർണ്ണം, ജനസംഖ്യ, ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ, വികസനസാദ്ധ്യത, ജനങ്ങളുടെ യാത്രാസൗകര്യം, ഭൂപ്രകൃതിയനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെ ആവശ്യം, ഭരണപരമായ സൗകര്യം എന്നിവയാണ് പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിന്റെ മാനദണ്ഡമായി കണക്കാക്കി വരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് എല്ലാ ജില്ലാ കളക്ടർമാരോടും റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രസ്തുത ഫയലിലെ തീരുമാനമനുസരിച്ച് പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതു സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതാണ്. 2017-ൽ കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, തൃശ്ശൂർ ജില്ലയിലെ കുന്നംകുളം എന്നിവിടങ്ങളിൽ മാത്രമെ പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതായി പ്രഖ്യാപിച്ചിരുന്നുള്ളൂ. |

സെക്ഷൻ ഓഫീസർ